# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1100 29.9.2011- ൽ മറുപടിക്ക്**

## ദേശീയപാതയിൽ കഴക്കൂട്ടം - ആറ്റിങ്ങൽ ഭാഗത്തിന്റെ വീതികൂട്ടാൻ നടപടി.

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബി. സത്യൻ : | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി). |
| (എ) തിരുവനന്തപുരം - ആറ്റിങ്ങൽ ദേശീയ പാതയിൽ കഴക്കൂട്ടം മുതൽ ആറ്റിങ്ങൽ വരെ ടാർ റോഡിന് ഇരുവശത്തും ദേശീയ പാതയ്ക്ക് വീതി കൂട്ടുവാൻ സ്ഥലം വിട്ടുകിട്ടിയിട്ടും റോഡിന് വീതി കൂട്ടാൻ കാലതാമസം എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ ;<br>(ബി) തിരുവനന്തപുരം - ആറ്റിങ്ങൽ ദേശീയ പാതയിൽ ആറ്റിങ്ങലിലും കഴക്കൂട്ടത്തും അനുഭവപ്പെടുന്ന തിരക്ക് ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ & ബി) | ദേശീയപാത 47 നാലു വരിയാക്കുന്നതിനുള്ള നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ അധികാര പരിധിയിലാണ്. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ നടപടികൾ സ്വീകരിക്കുന്നതാണ്. ആറ്റിങ്ങലിലെ തിരക്ക് ഒഴിവാക്കുന്നതിനായി ബൈപാസ് പണിയുന്നതിനുള്ള നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ നടത്തി വരുന്നു. സ്ഥലമെടുപ്പ് പൂർത്തിയായി റോഡു പണി തീരുന്ന മുറയ്ക്ക് കഴക്കൂട്ടത്തെയും ആറ്റിങ്ങലിലെയും തിരക്കുകൾ ഒഴിവാകുന്നതാണ്. |
| (സി) റോഡ് വീതി കൂട്ടാൻ സ്ഥലം ഉടമകൾ ഭൂമി വിട്ടുനൽകാൻ തയ്യാറായിട്ടുള്ളതിനാൽ തിരക്കേറിയ ആറ്റിങ്ങൽ പട്ടണത്തിലെ റോഡിന്റെ വീതി കൂട്ടാൻ നടപടി സ്വീകരിക്കുമോ ; | (സി) | റോഡ് വീതി കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയാണ്. പുനരധിവാസപാക്കേജ് അംഗീകരിച്ചു കിട്ടാത്തതാണ് ഇതിലെ കാലതാമസത്തിനുകാരണം. |

| | | | |
|---|---|---|---|
| (ഡി) | റോഡിന്റെ വീതിക്കുറവും, മീഡിയൻ ഇല്ലാത്തതും, റോഡ് സുരക്ഷാ ക്രമീകരണങ്ങളുടെ അഭാവവുംമൂലം നാഷണൽ ഹൈവേയിൽ ആലംകോട് മുതൽ പൂവമ്പാറ, മാമം, തോന്നയ്ക്കൽ വരെ സ്ഥിരമായി റോഡപകടങ്ങളിൽ നിരവധിയാളുകൾ കൊല്ലപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് റോഡ് സുരക്ഷാ ഏജൻസിയെ കൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കുമോ ; | (ഡി) | ഉണ്ട്. റോഡ് 4 വരിപ്പാതയാക്കുന്നതോടനുബന്ധിച്ച് സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | ആറ്റിങ്ങൽ പട്ടണത്തിൽ ലക്ഷങ്ങൾ ചെലവഴിച്ച് സ്ഥാപിച്ച സിഗ്നൽ ലൈറ്റുകൾ പ്രവർത്തിപ്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രവർത്തിപ്പിക്കാൻ സാധിക്കാത്തവ മാറ്റിസ്ഥാപിക്കുവാൻ ഏജൻസിയോട് ആവശ്യപ്പെടുമോ; | (ഇ) | ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് പ്രവർത്തിപ്പിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളാൻ ദേശീയപാതാവിഭാഗം ചീഫ് എൻജിനീയർക്കും കെ.എസ്.ടി.പി. പ്രൊജക്ട് ചീഫ് എൻജിനീയർക്കും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) | റോഡ് സുരക്ഷയ്ക്കായി നാഷണൽ ഹൈവേ അതോറിറ്റി, റോഡ് സേഫ്റ്റി അതോറിറ്റി, നാറ്റ്പാക്, ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുമോ ? | (എഫ്) | ഇക്കാര്യം പരിഗണനയിലില്ല |

സെക്ഷൻ ആഫീസർ